## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 6587 01.11.2011 -ൽ മറുപടിക്ക്**

**ഏലൂർ - എടയാർ വ്യവസായ മേഖലയിലെ രാസമാലിന്യങ്ങൾ**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | ഏലൂർ - എടയാർ വ്യവസായ മേഖലയിലെ മാനേജ്മെന്റു കൾ മാരകമായ രാസമാലിന്യങ്ങൾ ശുദ്ധീകരിക്കാതെ നേരിട്ട് പെരിയാർ നദിയി ലേയ്ക്ക് ഒഴുക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമൂലം ഈ മേഖലയിലെ മത്സ്യത്തൊഴിലാളികൾ തൊഴിൽ ചെയ്യാൻ നിവൃത്തി യില്ലാതെ ബുദ്ധിമുട്ടുന്ന പ്രശ്നം ചൂണ്ടി ക്കാണിച്ച് ജില്ലാ കളക്ടർക്ക് നിവേദനം സമർപ്പി ച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കു കയും 11.11.11 ന് കമ്മിറ്റിയുടെ യോഗം കൂടാനും തീരുമാനി ച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ പബ്ലിക് ലയബിലിറ്റി ആക്ട് പ്രകാരം തൊഴിൽ നഷ്ടത്തിന് നഷ്ടപരിഹാരം നൽകാൻ ബന്ധപ്പെട്ട ഉദ്യോഗ സ്ഥർക്ക് നിർദ്ദേശം നൽ കാമോ ? | (സി) | മോണിറ്ററിംഗ് കമ്മിറ്റിയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ